11

# നാബാൽ

## ബെലിയാലിന്റെ ഒരു മകൻ

## (25:2- 39)

> തിന്മ അതിന്റെ സ്വഭാവത്തെ പ്രചാരത്തിൽ വരുത്തുകയും, നന്മയെക്കാൾ കൂടുതൽ ശക്തമായി ഫലം പുറപ്പെടുവിക്കയും ചെയ്തുകൊണ്ടിരിക്കുന്നു. ഒരു കപ്പ് നല്ല വെള്ളത്തെ മുഴുവൻ മലിനമാക്കുവാൻ ഒരു തുള്ളി മാലിന്യം മതിയാകും; എന്നാൽ ഒരു തുള്ളി നല്ല വെള്ളം ഒരു കപ്പ് അശുദ്ധമായ ജലത്തെ ശുദ്ധമാക്കി മാറ്റുന്നില്ല. ഒരു പല്ലുവേദനയോ കാൽവേദനയോ അനുഭവപ്പെട്ടാൽ അതു മനുഷ്യ ശരീരം മുഴുവൻ കുഴപ്പത്തിലാക്കും, ശരീരത്തിന്റെ മറ്റെല്ലാ അവയവങ്ങളും കുഴപ്പമില്ലാതെ വേറിട്ടു നില്ക്കുകയാണെങ്കിലും; എന്നാൽ അയാളുടെ ശരീരം മൊത്തം വേദനിക്കുമ്പോൾ, വേദനയില്ലാത്ത കാലോ, പല്ലോ കാണത്തക്ക വേദനയില്ലായ്മ ഉണ്ടാക്കുകയില്ല.

ഒരു ചെറിയ തിന്മ മതി സമാധാനം, യോജിപ്പ്, സന്തോഷം എന്നിവ ഇല്ലാതാക്കുവാൻ. 25:2–39 ൽ, ഇത് നാബാലിൽ കൂടെ ചിത്രീകരിച്ചിരിക്കുന്നു. "ഒരു ബെലിയാൽ മനുഷ്യൻ" എന്ന് അവനെ തിരുവെഴുത്തിൽ എപ്പോഴും ഓർമ്മപ്പെടുത്തുന്നു. ആ പേർ അക്ഷരികമായി നിർദ്ദേശിക്കുന്നത് അവൻ വിലയില്ലാത്തവനും സാത്താനോടു സഖ്യത പുലർത്തിയവനും ആയിരുന്നു എന്നാണ്.

ധാരാളം ചെമ്മരിയാടുകളും കോലാടുകളും ഉണ്ടായിരുന്നതുകൊണ്ട് നാബാൽ വളരെ ധനികനായിരുന്നു (25:2). അവന്റെ "മഹത്വം," എങ്കിലും, ലോകം അഭിമാനിക്കത്തക്ക രീതിയിലുള്ള ഒരു മേന്മ മാത്രമായിരുന്നു. അവൻ ഒരു കാലേബ്യനായിരുന്നു. ഇതിനെ "നായ യുടെ ഒരു സ്വഭാവം" എന്നു തർജ്ജിമ ചെയ്യാവുന്നതും എന്നാൽ അത് യോശുവയുടെ കാലത്തുണ്ടായിരുന്ന ദൈവഭക്തിയെ സൂചിപ്പിക്കുന്ന ഒന്നായിരുന്നതുമല്ല.

ആടുകളെ പങ്കിടുന്ന സമയം വന്നു. അത് ആഘോഷത്തിന്റെയും, സന്തോഷത്തിന്റെയും, ഉദാരമായ അതിഥി സൽക്കാരത്തിന്റെയും സമയമായിരുന്നു (ഒ.വാ. 2 ശമുവേൽ 13:23, 24). "പ്രയോജനങ്ങൾ" കണക്കാക്കുകയും, സേവനത്തിന് ശമ്പളം നല്കുകയും ചെയ്തിരുന്നു. പിശുക്കനായ നാബാൽ സന്തോഷമോ അതിഥി സൽക്കാരമോ ആചാരപരമായി സ്വീകരിച്ചിരുന്നില്ല. ദാവീദ് നാബാലിനെ വലുതായി സേവിച്ചിരുന്നു (25:14–16)

എങ്കിലും, ദാവീദ് നൽകിയ സേവനത്തിന് നാബാൽ നല്കിയത് തിന്മ മാത്ര മായിരുന്നു. ഇത്തരത്തിലുള്ള നാബാലിന്റെ മനോഭാവമാണ് അവനെ അകാല നിര്യാണത്തിലേക്കു നയിച്ചത്.

നാബാൽ തനിക്കു ചുറ്റുമുള്ളവരുടേയും സന്തോഷം എടുത്തു കള ഞ്ഞു. ദൈവഭക്തയായ അബീഗയിൽ അവന്റെ ക്രൂരസ്വഭാവം കണ്ടു മടുത്ത് ഭാര്യയുടേതായ ബഹുമാനവും സ്നേഹവും ഇല്ലാതായി (25:25). ദാസന്മാർ നാബാലിനെ സംസ്ക്കാരശൂന്യനും ദൈവത്തിന്റെ പ്രധാന - ശത്രുവും ആയി ട്ടാണ് കണ്ടത്.

**നാബാലിന്റെ വിതയ്ക്കൽ**

നാബാൽ സ്വയ-പര്യാപ്തൻ ആയിരുന്നു (25:11). അവൻ കരുതിയത് അവനു മറ്റാരെയും ആവശ്യമില്ല എന്നാണ്. അവനു ദൈവത്തോടും, മറ്റൊരു മനുഷ്യനോടും സമാധാനം ആയിരിക്കേണ്ടതില്ല എന്നാണ് അവൻ വിചാരി ച്ചത് (25:6, 10). ഈ ഒരു മനോഭാവമാണ് അവനെ പരുഷനും ക്രൂരനും ആക്കിയത് (25:3). ലോകത്തിൽ ദൈവമില്ലാതെ ജീവിക്കുന്ന എല്ലാവർക്കും ഉണ്ടാകുന്ന ദുഃഖത്തെ അവൻ നന്നായി ചിത്രീകരിക്കുന്നു. നാബാലിന്റെ അഹംഭാവം നിമിത്തം അവന് ആലോചനയോ സഹായമോ നീട്ടിയവരോടു നീരസവും തലക്കനവും കാണിക്കുകയായിരുന്നു (25:17). അവൻ അനീതി യുള്ളവനും പിശുക്കനുമായിരുന്നു (25:21). അവൻ മറ്റുള്ളവരോട് തരം താഴ്ത്തപ്പെട്ടവനും ആയിരുന്നു (25:10-12). അവൻ കളിയാക്കുന്നതും പരി ഹസിക്കുന്നതുമായ ഭാഷ ഉപയോഗിച്ചിരുന്നു (25:14). നാബാൽ ദുർവർത്ത മാനം നടത്തിയിരുന്നു. അവന്റെ വാക്കുകൾ വക്രത, ക്രൂരത, പരിഹാസം എന്നിവ നിറഞ്ഞതായിരുന്നു. 25:14-ൽ പറഞ്ഞിരിക്കുന്ന “ശകാരിച്ചു” എന്നത് അക്ഷരികമായി അർത്ഥമാക്കുന്നത് നാബാൽ “ഒരു പക്ഷി ഇര തേടുന്നതു പോലെ അവരിലേക്ക് പാഞ്ഞടുത്തു” എന്നാണ്. നിയന്ത്രണമില്ലാത്ത നാവ് ഒരു ഭോഷനെ പുറത്തുകാണിക്കുകയാണ് (സദൃശവാക്യങ്ങൾ 10:14; 18:6, 7). നാബാൽ, ഭോഷന്റെ സംസാരത്താൽ, ദാവീദിനോട് ഇടപെടുകയും അത്ത രത്തിലുള്ള പരിഹാസം അവനിഷ്ടപ്പെടുകയും ചെയ്തു (25:10, 11). നാബാൽ സംസാരിക്കുമ്പോൾ തന്റെ വാക്കുകളുടെ അനന്തരഫലത്തെ കുറിച്ച് ചിന്തി ച്ചിരുന്നില്ല.

മറ്റുള്ളവരെ തിന്മ ചെയ്യുവാൻ നാബാൽ പ്രോത്സാഹിപ്പിച്ചിരുന്നു. അവന്റെ സാന്നിധ്യവും, വാക്കുകളും, പെരുമാറ്റവും ദാവീദിനെ തന്റെ സ്വ ഭാവത്തിനപ്പുറമായി ചെയ്യുവാൻ പ്രബോധിപ്പിച്ചു (25:13, 22). ദാവീദ് എല്ലാ യ്പ്പോഴും ദൈവത്തോടു ആലോചന ചോദിച്ചിട്ടായിരുന്നു എന്തെങ്കിലും ചെയ്തിരുന്നത്, എന്നാൽ നാബാലിന്റെ കാര്യത്തിൽ അവൻ ദാവീദിനെ ശുണ്ഠി പിടിപ്പിച്ചതുകൊണ്ട് അവന് സ്വയ-നിയന്ത്രണം നഷ്ടമായി. അത് ന്യായീകരിക്കാവുന്നതല്ല, എങ്കിലും ദാവീദ് തന്റെ തെറ്റ് സമ്മതിക്കുക തന്നെ ചെയ്തു (25:32, 33).

നാബാൽ നന്ദിയില്ലാത്തവനും ആയിരുന്നു. ദാവീദ് അവന് ചെയ്ത തൊന്നും അവൻ സമ്മതിക്കുക പോലും ഉണ്ടായില്ല (25:16, 21). ആ നന്ദിയി ല്ലായ്മ എല്ലായ്പ്പോഴും സാത്താന്റെ സന്തതിയുടെ സ്വഭാവമായിട്ടു കാണാം!

നാബാൽ ഒരു മദ്യപാനിയായിരുന്നു. അവൻ വീണ്ടുകുടിച്ച് മത്തനായി തീർന്നിരുന്നു. മദ്യപാനം ഒരാഘോഷമായി അവൻ ആസ്വദിച്ചിരുന്നു.

ബൈബിൾ മുഴുവൻ പരിശോധിച്ചാൽ അത് സാത്താനെ പിൻപറ്റുന്നവരുടെ സ്വഭാവമായി കാണാം (സദൃശവാക്യങ്ങൾ 31:4–6; 20:1; മുതലായവ.).

**നാബാലിന്റെ കൊയ്ത്ത്**

പിശാചിന്റെ സ്വഭാവത്തോടുകൂടി ജീവിക്കുന്നവർ തിക്തമായ ഫലം കൊയ്യുന്നവർ ആയിരിക്കും. നാബാലിന്റെ ദുഷിച്ച വഴികളുടെ അനന്തരഫലമായി ഉണ്ടായ ഭയാനകമായ മൂന്നു ഫലങ്ങൾ അവന്റെ ജീവിതത്തിൽ കാണാം.

നാബാലിനെ ആരും ബഹുമാനിച്ചിരുന്നില്ല! അവൻ ധനത്തെയും, അവനു ബഹുമാനം നേടിതന്ന അത്തരം നേട്ടത്തെയും അധികാരത്തെയും ആസ്വദിച്ചു – എന്നാൽ അത് അവനെ ബഹുമാനിച്ചില്ല! നാബാലിന്റെ പ്രവൃത്തികൾ ഒരു യുവാവിനെ ലജ്ജിപ്പിച്ചു (25:17). ആ ദാസന്റെ അവസാനവാക്കുകൾ സൂചിപ്പിക്കുന്നത് നാബാലിൽ അവന്റെ ദാസന്മാർക്കുണ്ടായിരുന്ന ബഹുമാനം കുറഞ്ഞു എന്നാണ്.

“ബെലിയാലിന്റെ ഒരു മകൻ” ആയിട്ടാണ് നാബാൽ അവർക്കിടയിൽ അറിയപ്പെട്ടത് (ഒ.വാ. 2 കൊരിന്ത്യർ 6:15). ദൈവഭക്തയായ അബീഗയിലും തന്റെ ഭർത്താവിനെ ബഹുമാനിച്ചില്ല (25:25). അവളുടെ അഭിപ്രായം ദാസിമാരുടേതിൽ നിന്ന് വളരെ താഴ്ന്നതായിരുന്നു. അത് ദൈവം തന്നെ അനുഗമിച്ചവരിൽ നിന്നും ആഗ്രഹിച്ചതിന് വിപരീതമായ സ്വാധീനം ആയിരുന്നു (മത്തായി 5:16; 1 പത്രൊസ് 2:11, 12).

നാബാൽ ചരിത്രത്തിൽ അറിയപ്പെട്ടത് “വലിയ ഭോഷൻ” എന്ന രീതിയിലാണ്. അവൻ തന്റെ പേരിന് അന്വർത്ഥമായാണ് ജീവിച്ചത് (25:25) കാരണം അവന്റെ പ്രവൃത്തികളിലെല്ലാം ഭോഷത്വമായിരുന്നു ഉണ്ടായിരുന്നത്. അവൻ വിഡ്ഢിയും, ദുഷ്ടനും, ദൈവമില്ലാത്തവനും ആയിരുന്നു. ഫ്രാൻസിലെ രാജാവായിരുന്ന ലൂയീസ് XI-ാമനെ, തടവുകാർക്കെല്ലാം ഒരു കൂട് മതി എന്ന് ഉപദേശിച്ച വെർദുവിലെ ബിഷപ്പിനെ പോലെ അവൻ മൂഢനായിരുന്നു. അതിൽ തടവുകാർക്ക് നിൽക്കുവാനോ കിടക്കുവാനോ കഴിയുമായിരുന്നില്ല, മറിച്ച് എല്ലായ്പ്പോഴും കുനിഞ്ഞിരിക്കുവാനേ കഴിയുമായിരുന്നുള്ളൂ. കുറേ കഴിഞ്ഞ്, ബിഷപ്പ് രാജാവിന് അനിഷ്ടനാവുകയും ആദ്യമായി കൂടിൽ തടവിലടച്ചത് അതിന് രൂപം കൊടുത്ത ബിഷപ്പിനെ തന്നെ ആയിരുന്നു! അവൻ അവിടെ പതിനാലു വർഷത്തിലധികം കഴിഞ്ഞു.

നാബാലിന്റെ ജീവിതം അവസാനിച്ചത് കയ്പ്പുള്ളതായിട്ടാണ് (25:37–39). നാബാൽ മരിച്ചതിനെ കുറിച്ചു രണ്ടു വ്യത്യസ്തമായ അഭിപ്രായങ്ങൾ ഉണ്ട്. ചിലർ പറയുന്നത് അവന് ഭയം നിമിത്തം പെട്ടെന്ന് സ്തംഭനം ഉണ്ടായി പത്തു ദിവസങ്ങൾക്കുള്ളിൽ മരിക്കുകയായിരുന്നു എന്നാണ്. മറ്റു ചിലർ പറയുന്നത് നാബാലിന് ദാവീദിനോടും അബീഗയിലിനോടുമുള്ള കോപം നിമിത്തം സ്തംഭനാവസ്ഥയിലാകുകയും, പത്തുദിവസങ്ങൾക്കുള്ളിൽ മരിക്കുകയും ചെയ്തു എന്നാണ്.

പ്രത്യാശ ഇല്ലാത്ത മരണമായിരിക്കും “സാത്താന്റെ മകനെ” എപ്പോഴും കാത്തിരിക്കുന്നത്. തീർച്ചയായും ഇത് ദൈവേഷ്ടം അനുസരിക്കുന്നതിനുള്ള പ്രചോദനമാണ് (സദൃശവാക്യങ്ങൾ 5:22; 11:7; 14:32; സങ്കീർത്തനങ്ങൾ 116:15; സഭാപ്രസംഗി 7:1). ശവസംസ്ക്കാര സമയങ്ങളിൽ പറയാറുള്ള ഒരു പൊതു പ്രയോഗം, “അവൻ ജീവിച്ചതുപോലെ തന്നെ, അവൻ മരിക്കുകയും

ചെയ്തു." അതു നാബാലിനെ സംബന്ധിച്ച് എത്ര വാസ്തവം! അത് ഇന്നും ധാരാളം ആളുകളെ സംബന്ധിച്ച് വാസ്തവമാണ്. നമ്മുടെ ജീവിതം അവസാനം കയ്പ്പേറിയതാകാതിരിക്കണം എങ്കിൽ, നാം ദൈവകല്പന പ്രകാരം ജീവിക്കണം.

### ഇന്നത്തേക്കുവേണ്ട നാബാലിന്റെ പാഠങ്ങൾ

"നാബാലിനോട്" ബന്ധം പുലർത്തുവാനും ദൈവത്തോടു വിശ്വസ്തത പുലർത്തി ജീവിക്കുവാനും ഒരാൾക്കു സാധിച്ചേക്കാം. നാബാലിന്റെ കുടുംബത്തിൽ സന്തോഷകരമായ അവസ്ഥ ഇല്ലായിരുന്നു. ദൈവഭക്തയായിരുന്ന അബീഗയിലും പിശാചിന്റെ സ്വഭാവം ഉള്ള നാബാലും തമ്മിലുള്ള വിവാഹ ജീവിതം സംഘർഷിതവും കലുഷിതവും ആയിരുന്നു. അവൻ താഴ്ന്ന അഭിരുചിക്കാരനും, ഭൗതികമായ നേട്ടങ്ങളിൽ ആകൃഷ്ടനും, ദൈവത്തിൽ നിന്ന് തിരിഞ്ഞിരിക്കുന്നവനും, ദൈവത്തെ നിന്ദിക്കുന്നവനും ആയിരുന്നു. അവൻ ദൂഷണം പറയുന്ന നാവുള്ളവനും ഭയങ്കര സ്വാധീനമുള്ളവനും ആയിരുന്നു. അബീഗയിലിൽ ഇല്ലാതിരുന്നതെല്ലാം അവനിലുണ്ടായിരുന്നു! എന്നാൽ അവൾ അവനോടൊപ്പം വസിച്ചിരുന്നു. ആധുനിക "നാബാൽമാരെ" ഇന്ന് ആധുനിക "അബീഗയിൽമാർ" എങ്ങനെ സഹിക്കുന്നു എന്നറിയുമ്പോൾ നിങ്ങൾ ആശ്ചര്യപ്പെട്ടേക്കാം.

പ്രതികാരം ഒരിക്കലും ശരിയല്ല! ഒരാൾ ഉചിതമായി പറഞ്ഞു, "പ്രതികാരം എന്നത് ഒരു പാപിയുടെ വായിൽ പിശാചിന് ഇടുവാൻ കഴിയുന്ന ഏറ്റവും ആർഭാടമായ ഒരു ഉരുളയാണ്." നമ്മോടു വ്യക്തിപരമായി ചെയ്ത തെറ്റുകൾക്ക് നാം ഒരിക്കലും പകരം വീട്ടുന്ന സ്ഥാനത്താകരുത് (25:38, 39; റോമർ 12:19).

നാളെ മറ്റുള്ളവർക്ക് വായിക്കുവാൻ നല്കുന്ന സ്ഥിരമായ രേഖയാണ് നാം ഇന്ന് നയിക്കുന്ന നമ്മുടെ ജീവിതം. നിങ്ങളുടെ ചരിത്രപരമായ കഥ "നാബാലി" ന്റേതുപോലെ രേഖപ്പെടുത്താതിരിക്കുവാൻ ശ്രദ്ധിക്കുക.

സ്വാർത്ഥ ജീവിതത്തെ കാത്തിരിക്കുന്ന ദുഃഖപരമായ അന്ത്യത്തെ ഓർമ്മിക്കുക! വിപത്തു മാത്രമായിരിക്കും വരുവാനുള്ളത് (ലൂക്കൊസ് 12:20, 21; യാക്കൊബ് 4:13-16).

### ഉപസംഹാരം

പഠിക്കേണ്ടതിന് എന്തൊരു ഇരുണ്ട അദ്ധ്യായമാണിത്! ഒരു ദുഷ്ട മനുഷ്യന്റെ സ്വാധീനത്തിന് കഥയെ മുഴുവൻ ഇരുണ്ടതാക്കി "ദൈവത്തിന് ബോധിച്ച ഹൃദയമുള്ള മനുഷ്യനെ" ദൈവത്തിനെതിരായ, വികാരമായ പ്രതികാരം വീട്ടുവാൻ ഇടയാക്കുന്നു. ഒരു നിസ്സാരമായ തിന്മക്ക് വലിയ നന്മയെ നശിപ്പിക്കുവാൻ കഴിയും!

ഈ അദ്ധ്യായത്തിൽ പ്രതിപാദിച്ചിരിക്കുന്നതിൽ നിന്നും അകന്ന് ജീവിച്ചാൽ നാബാലിനുണ്ടായ ഒരു "വിഡ്ഢിയുടെ" ദുഃഖ പര്യവസാനം ഉണ്ടാകാതിരിക്കും. സാത്താന്റെ മകൻ ആയ, നാബാലിനെ ഓർത്തു കൊൾക. അവന്റെ ഭോഷത്വത്തെ അനുകരിക്കാതിരിക്കുക!